**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന. ശ്രീ. രവി, നെല്ലിപ്പള്ളം കോളനി, വാളറ, നല്ലേപ്പിള്ളി എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024</u>**

മേൽ സൂചന പ്രകാരം ശ്രീ രവി, നെല്ലിപ്പള്ളം കോളനി, വാളറ, നല്ലേപ്പിള്ളി എന്നയാൾ നവകേരളസദസ്സ് മുഖേന നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിർമിച്ച വീടിന് കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം ശ്രീ. രവി & ശ്രീമതി. ശ്രീജ എന്നവരുടെ ഉടമസ്ഥതയിൽ IAY പദ്ധതി പ്രകാരം നിർമ്മിച്ച 53.02 ച.മീ. കോൺക്രീറ്റ് വീട് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 64(3) & 64(4) പാലിക്കുന്നില്ല എന്ന എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21/12/2018 തിയ്യതിയിൽ ടി കെട്ടിടത്തിന് 6/2-UA എന്ന അനധികൃത നമ്പർ അനുവദിച്ച് 949/- രൂപ നികുതി ചുമത്തി നൽകിയിട്ടുള്ളതാണ്. ചെറുപ്ലോട്ടിൽ നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന്റെ മുൻവശം ഒഴികെയുള്ള 3 വശങ്ങളിലും KPBR 2011 പ്രകാരം ആവശ്യമായ സെറ്റ് ബാക്ക് ഇല്ലായിരുന്നു. ആയതിനാൽ അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് KPBR 2019 ന് വിധേയമായി പുതിയ അപേക്ഷയും പ്ലാനും സമർപ്പിക്കുന്നതിന് ശ്രീ. രവി എന്നവർക്ക് 08/06/2023 തിയ്യതിയിൽ കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാൻ നാളിതു വരെ പഞ്ചായത്ത് ഓഫീസിൽ അപേക്ഷ പുനർസമർപ്പിച്ചിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : . ശ്രീ. രവി, നെല്ലിപ്പള്ളം കോളനി, വാളറ, നല്ലേപ്പിള്ളി